# Deepika
# 13 August 2018
# Kochi, Monsoon, Coast Guard, Rescue Operation

## കടലിൽ മൂന്ന് രക്ഷാ ദൗത്യവുമായി തീരസംരക്ഷണ സേന

**കൊച്ചി:** കാലവർഷക്കെടുതിയിലെ സഹായ പ്രവർത്തനങ്ങൾക്കിടയിൽ കടൽ കേന്ദ്രീകരിച്ച് മൂന്ന് രക്ഷാ പ്രവർത്തനങ്ങൾക്കുകൂടി നേതൃത്വം നൽകുന്നതായി തീരസംരക്ഷണ സേന അറിയിച്ചു. കഴിഞ്ഞ ദിവസം മുനമ്പത്ത് മത്സ്യബന്ധന ബോട്ടിൽ കപ്പലിടിച്ചുണ്ടായ അപകടത്തിൽ കാണാതായവർക്കായി കോസ്റ്റ്ഗാർഡിന്റെ നേതൃത്വത്തിൽ തെരച്ചിൽ ഊർജിതമാക്കി. കപ്പലുകളും ഹെലികോപ്റ്ററുകളും ഉപയോഗിച്ചുള്ള തെരച്ചിൽ പുരോഗമിക്കുകയാണെന്നും കാണാതായവരെക്കുറിച്ച് ഉടൻ വിവരങ്ങൾ ലഭ്യമാക്കുമെന്നാണ് പ്രതീക്ഷയെന്നും തീരസംരക്ഷണ സേന അറിയിച്ചു.

ഇതിന് പുറമേ വിഴിഞ്ഞം തീരത്തുനിന്ന് 223 കിലോമീറ്റർ ദൂരത്തായി നടുക്കടലിൽ ഒരു കപ്പൽ എൻജിൻതകരാർമൂലം കുടുങ്ങി കിടക്കുന്നതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഡോർണിയർ വിമാനമുപയോഗിച്ച് കപ്പൽ കണ്ടെത്തി കരയ്ക്കെത്തിക്കുന്നതിനുള്ള സഹായങ്ങൾ തീരസംരക്ഷണസേന നൽകും.

കൂടാതെ ലക്ഷദ്വീപിൽ നിന്ന് മൽസ്യബന്ധനത്തിന് പോയി സലായിൽ കുടുങ്ങി കിടക്കുന്ന മൽസ്യബന്ധന ബോട്ട് തിരികെയെത്തിക്കുന്നതിനുള്ള പ്രവർത്തികൾക്കും തീര സംരക്ഷണ സേന നേതൃത്വം നൽകി വരുന്നതായി അധികൃതർ അറിയിച്ചു.